ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി, ബജാജ് അലൈൻസ്, ജനറൽ ഇൻഷ്വറൻസ് കമ്പനി എന്നിവരും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

(സി) സുനാമിപോലുള്ള പ്രകൃതിക്ഷോഭത്തിൽ ജീവനും സ്വത്തിനും മത്സ്യ ബന്ധനോപകരണങ്ങളും നഷ്ടമായാൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ളതാണ് ഇൻഷ്വറൻസ് പാക്കേജിലെ നിർദ്ദേശങ്ങൾ.

(ഡി) ചർച്ച നടത്തിയിട്ടുണ്ട്.

(ഇ) ആന്റ് (എഫ്) നാഷണൽ ഇൻഷ്വറൻസ് ഉൾപ്പെടെ വിവിധ കമ്പനികൾ സമർപ്പിച്ച ഇൻഷ്വറൻസ് പാക്കേജിന്റെ താരതമ്യ പഠനം പൂർത്തിയായിട്ടില്ല. അതിനുശേഷമേ അന്തിമ തീരുമാനം എടുക്കുകയുള്ളൂ.

ആൻഡമാൻ നിക്കോബാർ ദ്വീപിലേയ്ക്ക് വനംവകുപ്പിൽ നിന്നും തടി, മുള എന്നിവ നൽകിയ നടപടി

138 [1369] ശ്രീ. കെ. എൻ. എ. ഖാദർ:

,, പി. കെ. അബ്ദുറബ്ബ്:

,, സി. മോയിൻകുട്ടി:

,, ഇസ്ഹാക്ക് കുരിക്കൾ:

,, നാലകത്ത് സൂപ്പി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ബാധിത പ്രദേശമായ ആൻഡമാൻ-നിക്കോബാർ ദ്വീപിലേയ്ക്ക് പുനരധിവാസ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആൻഡമാനിലെ ചീഫ് സെക്രട്ടറിയുടെ അപേക്ഷപ്രകാരം കേരളത്തിൽനിന്ന് വനംവകുപ്പ് മുഖേന തടികൾ, മുളകൾ എന്നിവ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര നൽകിയെന്ന് വിശദമാക്കുമോ;

(സി) വനംവകുപ്പിന്റെ ഏത് ഡിവിഷനിൽ/റെയിഞ്ചിൽ നിന്നുള്ള മുളകളാണ് നൽകിയതെന്നും പ്രസ്തുത മുളകൾ ആൻഡമാ-നിക്കോബാർ ദ്വീപിൽ എപ്രകാരം എത്തിച്ചുവെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുളകൾ നൽകിയിട്ടുണ്ട്. തടികൾ നൽകിയിട്ടില്ല.

(ബി) 50,000 മുളകൾ (Full Bamboos) നൽകിയിട്ടുണ്ട്.

(സി) വനം വകുപ്പിന്റെ ഒലവക്കോട് സർക്കിളിലെ നിലമ്പൂർ നോർത്ത് ഡിവിഷനിലെ വഴിക്കടവ് റെയിഞ്ചിൽനിന്നും വെട്ടി ശേഖരിച്ച്, പ്രസ്തുത മുളകൾ 158 ലോറി ലോഡുകളായി ചെക്കെന തുറമുഖത്ത് എത്തിച്ചുകൊടുത്തിട്ടുള്ളതാകുന്നു.

2004-2005 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള മരാമത്ത് പ്രവർത്തികൾക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡം

139 [1370] ശ്രീ. എ. കെ. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-05 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള മരാമത്ത് പ്രവർത്തികൾക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) കുഴൽമന്ദം മണ്ഡലത്തിന്റെ പരിധിയിൽവരുന്ന ഏതെല്ലാം പ്രവർത്തികൾക്കാണ് 2004-05 ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുള്ളത്;

(സി) കുഴൽമന്ദം മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം പ്രവർത്തികൾക്കാണ് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുള്ളത്;

(ഡി) ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള പ്രവർത്തികൾക്ക് ഭരണാനുമതി നൽകാതിരിക്കാൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ആവശ്യകത, പ്രാദേശിക പിന്നോക്കാവസ്ഥ, ജനപ്രതിനിധി നിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നത്.

(ബി) കുഴൽമന്ദം മണ്ഡലത്തിൽ താഴെപ്പറയുന്ന പ്രവർത്തികൾക്കാണ് 2004-05 ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുള്ളത്.

നിരത്തുകളും പാലങ്ങളും

1. ഒട്ടുകാട്-നാരങ്ങാപറമ്പ് റോഡ് 0/000-3/200
2. പൊത്തുകാട്-മന്നംകുളമ്പ്-ചെറുതപുത്തൂർ, എ. സി. കോളനി റോഡ് കി.മീ. 0/000-3/140-ഉം 0/000-1/200.
3. തമ്പൂർ-പെരിങ്ങോട്ടുകുറിശ്ശി റോഡ് 0/000-7/200.
4. കുത്തന്നൂർ-തോലന്നൂർ റോഡ് 0/000-6/200.

LIBRARY ARCHIVES Kerala Legislative Assembly